# Deepika
# 28 August 2018
# Thiruvananthpurm; Flood relief Fund,

## ജീവനക്കാർ ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്യണം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളത്തെ പുനർനിർമിക്കാനായി ലോകമെങ്ങുമുള്ള മലയാളികൾ ഓരോരുത്തരും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന നൽകണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഒരു മാസം മൂന്നു ദിവസത്തെ ശമ്പളം വീതം പത്തു മാസം നൽകിയാൽ മതിയാകും. അങ്ങനെ നൽകിയാൽ വലിയ പ്രയാസം അനുഭവപ്പെടില്ലെന്നും സ്വകാര്യ ചാനലുകളോടു സംസാരിക്കവേ മുഖ്യമന്ത്രി പറഞ്ഞു. പ്രവാസിമലയാളികൾ ഇത്തരത്തിൽ സംഭാവന നൽകിയാൽ കേരള പുനർ നിർമാണം എളുപ്പമാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ദുരിതാശ്വാസ തുക: വില്ലേജ് ഓഫീസിനെ സമീപിക്കണം

**തിരുവനന്തപുരം:** രണ്ടു ദിവസത്തിൽ കൂടുതൽ വെള്ളം കെട്ടിനിന്ന വീട്ടുകാർ ദുരിതാശ്വാസ തുകയായ 10,000 രൂപ ലഭിക്കാൻ വില്ലേജ് ഓഫീസ് അധികൃതരെ സമീപിക്കണം. റവന്യു അധികൃതർ വെള്ളം കയറിയതായി ഉറപ്പു വരുത്തിയ ശേഷം തുക കൈമാറും. ക്യാമ്പുകളിൽ കഴിഞ്ഞവർക്ക് തുക ലഭിക്കും. ക്യാമ്പിൽ എത്തിയില്ലെങ്കിലും വെള്ളം കയറിയതു പരിശോധനയിൽ ബോധ്യപ്പെട്ടാൽ തുക ലഭിക്കും.

രേഖകൾ നഷ്ടപ്പെട്ടവർ www.kerala.gov.inൽ അപേക്ഷ നൽകണം. അക്ഷയ കേന്ദ്രം വഴി സൗജന്യമായി ഫോം പൂരിപ്പിച്ചു നൽകാനും അവസരമൊരുക്കിയിട്ടുണ്ട്.